II ശ്രദ്ധക്ഷണിക്കൽ

(1) പിന്നോക്ക സമുദായ പ്രാതിനിധ്യം പി.എസ്.സി ജസ്റ്റീസ് ജോസഫ് കമ്മിഷനു സമർപ്പിച്ച രേഖകളിലുള്ളതായി പറയപ്പെടുന്ന അപാകതകൾ

(അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. നാലകത്ത് സൂപ്പി : സർ, വളരെ ഗൗരവമുള്ള ഒരു വിഷയവുമായി ബന്ധപ്പെട്ടാണ് എനിക്ക് ഇവിടെ സംസാരിക്കാനുള്ളത്. പിന്നോക്ക
9.30 A.M. സമുദായത്തിൽ ക്രീമിലെയർ നടപ്പാക്കണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഈ സംസ്ഥാനത്ത് ക്രീമിലെയർ കണ്ടെത്തുന്നതിന് നിശ്ചയിച്ച ജസ്റ്റിസ് ജോസഫ് കമ്മിഷൻ മുൻപാകെ സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മിഷൻ കൊടുത്ത തെറ്റായ രേഖകളെ സംബന്ധിച്ചിടത്തോളം ഇതിനകം പല കാര്യങ്ങളും വെളിച്ചത്തു വന്നിരിക്കുകയാണ്. 23-5-1997-നാണ് പി.എസ്.സി. രേഖകൾ സമർപ്പിച്ചത്. ആ രേഖ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ജോസഫ് കമ്മിഷൻ മേയ് മാസം 27-ാം തീയതി സുപ്രീംകോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ സീരിയൽ നമ്പർ 13 മുതൽ 22 വരെയുള്ള Annexures മുഴുവനും പ്രതിപാദിക്കുന്നത് ഇവിടത്തെ പിന്നോക്ക വിഭാഗങ്ങളുടെ ഓവർ റെപ്രസെന്റേഷനാണ്. Annexure 9 (1) മുതലാണ് അത് തുടങ്ങുന്നത്. ഈഴവ, മുസ്ലീം, ലാറ്റിൻ, കത്തോലിക്കൻ, നാടാർ, ഷെഡ്യൂൾഡ് കാസ്റ്റ്, വിശ്വകർമ്മ, ധീവര, ബാക്ക്വേർഡ് ക്ലാസസ്സ് ഇങ്ങനെ തുടങ്ങി സംസ്ഥാനത്തെ സംവരണ സമുദായങ്ങൾ മുഴുവനും ഓവർ റെപ്രസെന്റേഷൻ ആണെന്ന് പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജസ്റ്റിസ് ജോസഫ് കമ്മിഷൻ റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ഈ റിപ്പോർട്ട് അപ്പടി സുപ്രീംകോടതി സ്വീകരിച്ചു. പരിശോധന പിന്നെ ആവശ്യമില്ല. കമ്മിഷൻ റിപ്പോർട്ടാണ്. യഥാർത്ഥത്തിൽ സംഭവിച്ചത് ഇവിടെ വിശദീകരിക്കാം. ആകെ 1991-96 കാലയളവിൽ അഞ്ച് കൊല്ലത്തെ കണക്കാണ് കമ്മിഷൻ പരിശോധിച്ചത്. അഞ്ചു കൊല്ലക്കാലം മൊത്തമുണ്ടായിരുന്ന നിയമനങ്ങളിൽ എസ്.സി./എസ്.റ്റി-ക്കും പിന്നോക്ക വിഭാഗങ്ങൾക്കും അഡ്വൈസ് മെമ്മോ അയച്ച കണക്കുകളാണ് കൊടുത്തത്. അതിൽ 68.893 അഡ്വൈസ് മെമ്മോകളാണ് കൊടുത്തത്. അതിൽ പിന്നോക്ക സമുദായങ്ങൾക്ക്, അതായത് സംവരണാനുകൂല്യമുള്ള സമുദായങ്ങൾക്ക് 29.346. എസ്.സി/എസ്.റ്റി-ക്ക് 8910. സ്റ്റാറ്റ്യൂട്ടറി റിക്വയർമെന്റ് എന്നുള്ള രീതിയിൽ ഈ റിപ്പോർട്ടിൽ പിന്നോക്കസമുദായങ്ങളുടെ സംവരണം പറഞ്ഞിട്ടുള്ളത് 40 ശതമാനമാണ്. അതിൽ പറഞ്ഞിട്ടുള്ളത് 27,557. എന്നു പറഞ്ഞാൽ പിന്നോക്ക സമുദായങ്ങൾക്ക് 40 ശതമാനം സ്റ്റാറ്റ്യൂട്ടറി റിക്വയർമെന്റ് കഴിച്ച് കൂടുതലായി 1789 അഡ്വൈസ് മെമ്മോ അധികം അയച്ചു എന്ന കണക്കാണ്. യഥാർത്ഥത്തിൽ ഉണ്ടായത് അഡ്വൈസ് മെമ്മോ സാധാരണ നിയമനങ്ങൾക്കു വേണ്ടി അയയ്ക്കും. അങ്ങനെ അയയ്ക്കുന്ന അഡ്വൈസ് മെമ്മോയിൽ കുറേയാളുകൾ ജോയിൻ ചെയ്യാറില്ല. സംവരണവ്യവസ്ഥയനുസരിച്ച് ഇവിടെ ഓരോ സമുദായത്തിനും അനുവദിക്കപ്പെട്ട സംവരണ റേഷ്യോ ഉണ്ട്. ഈഴവ - 14, മുസ്ലീം-12, ലാറ്റിൻ

LIBRARY ARCHIVES Kerala Legislative Assembly

കത്തോലിക്കർ-4, വിശ്വകർമ്മ-3, നാടാർ-2, ധീവര-1, അങ്ങനെ 40 ശതമാനം.എസ്.സി/എസ്.റ്റിക്ക് പത്ത്, മെറിറ്റ് 50. 40 ശതമാനം സംവരണത്തിൽ നൂറ് ആളുകളെ നിയമിക്കാനുണ്ടെങ്കിൽ, അല്ലെങ്കിൽ നൂറ് വേക്കൻസി ഉണ്ടെങ്കിൽ ഈഴവ കമ്മ്യൂണിറ്റിയിൽ 14 ആളുകൾക്കും മുസ്ലീം കമ്മ്യൂണിറ്റിയിൽ 12 ആളുകൾക്കും ആംഗ്ലോ ഇൻഡ്യൻ/എൽ.സി-യിൽ നാലാളുകൾക്കും എന്നിങ്ങനെയുള്ള രീതിയിലാണ് അഡ്വൈസ് മെമ്മോ കൊടുക്കുന്നത്. അയയ്ക്കുന്ന അഡ്വൈസ് മെമ്മോയിൽ ആരെങ്കിലും മറ്റ് ജോലിക്ക് പോയിട്ടുണ്ടെങ്കിൽ, അല്ലെങ്കിൽ സ്ഥലത്തില്ലാത്തതിന്റെ പേരിൽ ജോയിൻ ചെയ്യാതിരുന്നാൽ എൻ.ജെ.ഡി. ക്യാൻഡിഡേറ്റ്സ് ആകും. അവർക്ക് വീണ്ടും അയയ്ക്കാം. ജോയിൻ ചെയ്തോ ഇല്ലയോ എന്നുള്ളത് അറിയുന്നില്ല. അങ്ങനെ വരുമ്പോൾ വേറെ ആളുകൾക്ക് അയയ്ക്കും. അങ്ങനെ ആവർത്തിച്ചയച്ച കണക്കുകളാണ് പി.എസ്.സി-യിൽ നിന്ന് ജോസഫ് കമ്മിഷനു കൊടുത്തത്. എൻ.ജെ.ഡി ക്യാൻഡിഡേറ്റ്സിന് ആവർത്തിച്ച് അയച്ചതാണ്. അഞ്ച് കൊല്ലക്കാലം ആകുമ്പോൾ ഒരുപാട് ആളുകൾക്ക് അയച്ചു കാണും. ഇങ്ങനെ കിട്ടിയ കണക്കുകൾ നോക്കിയിട്ടാണ് ഓവർ റെപ്രസെന്റേഷനുണ്ടെന്ന് പി.എസ്.സി പറഞ്ഞത്. എന്നിട്ട്പോലും 42 ശതമാനമുണ്ടെന്നാണ് പറഞ്ഞത്. അനുവദിക്കപ്പെട്ട 40 ശതമാനം 42 ശതമാനമായി. ഇവിടെ ഒരു പ്രധാനപ്പെട്ട തർക്കമുള്ളത്, പിന്നോക്ക സമുദായങ്ങളുടെ പ്രാതിനിധ്യം എങ്ങനെ കണക്കാക്കണമെന്നുള്ളത്. ഇതിനു മുമ്പും ഈ രാജ്യത്ത് ചർച്ച ചെയ്ത ഒരു കാര്യമാണ്. അവർക്ക് സംവരണ കാറ്റഗറിയിൽ കിട്ടുന്നത് മാത്രം മതിയോ, അതല്ല മെറിറ്റടിസ്ഥാനത്തിൽ അവർക്ക് അയോഗ്യതയില്ലേ എന്നുള്ളത്. ഇന്നു നടന്നുവരുന്നതും പലരും വ്യാഖ്യാനിക്കുന്നതും മെറിറ്റടിസ്ഥാനത്തിലും സംവരണ കാറ്റഗറിയിലും കിട്ടുന്ന 40 ശതമാനത്തിൽ ഒരു ശതമാനം പോലും കൂടാൻ പാടില്ല എന്നാണ്. അതു തെറ്റാണ്. മെറിറ്റടിസ്ഥാനത്തിൽ കിട്ടുന്നത് മറ്റു സമുദായങ്ങളുമായി മത്സരിച്ച് കിട്ടുന്ന യോഗ്യതയനുസരിച്ചുള്ളതാണ്. അതു സംവരണ കാറ്റഗറിയിലുൾപ്പെടുത്താൻ പറ്റില്ല. പലരും വ്യാഖ്യാനിക്കുന്നത് ഇങ്ങനെയാണ്. നിർഭാഗ്യവശാൽ ജോസഫ് കമ്മിഷൻ റിപ്പോർട്ടിലും അങ്ങനെയുണ്ടായി. ഇതു പി.എസ്.സി-യിലുണ്ടായ സാഹചര്യത്തെക്കുറിച്ച് ആണ് വളരെ ഗൗരവമായി ആലോചിക്കേണ്ടത്. ഇത് പി.എസ്.സി, മെമ്പർമാർ അറിഞ്ഞിട്ടില്ല, കമ്മിറ്റി യോഗത്തിൽ വച്ചിട്ടില്ല. പി.എസ്.സി.ചെയർമാനും സെക്രട്ടറിയും അതിന് നിയോഗിക്കപ്പെട്ട ചില ഉദ്യോഗസ്ഥൻമാരും ഒരു ഗൂഢാലോചന നടത്തി എന്നാണ് അറിയാൻ സാധിച്ചത്. ആ ഗൂഢാലോചനയുടെ പിന്നിൽ വേറെ ചില ആളുകളുമുണ്ടായിരുന്നു. ഉണ്ടായിരുന്നു എന്നു പറയാൻ കാരണം, 1997-98-ലെ ഒരു കണക്കുണ്ട്. ആ കണക്ക് എങ്ങനെ പബ്ലിക് സർവ്വീസ് കമ്മിഷനിൽ നിന്ന് പുറത്തു പോയി? 1997-98-ലെ കണക്കാണ് കൊടുത്തിരിക്കുന്നത്. 22,699 അഡ്വൈസ് മെമ്മോ കൊടുത്തതിൽ പിന്നോക്കസമുദായങ്ങൾക്ക് 14,375. അതിൽ ആക്ച്വലായിട്ട് കൊടുത്തിട്ടുള്ളത് 12,682 ആണ്. കണക്കിൽ 4,693 അഡ്വൈസ് മെമ്മോ 1997-ൽ അധികം കൊടുത്തതായി കാണിച്ചു. 1998-ലും അതുപോലെ 19,891 അഡ്വൈസ് മെമ്മോ നൽകിയതിൽ പിന്നോക്കക്കാർക്ക് അയച്ച മെമ്മോ 12,278 എന്ന് രേഖപ്പെടുത്തി. അതിൽ 7,636 ആണ് ആക്ച്വലായിട്ടുള്ളത്. അതിലും മെമ്മോ അധികം കൊടുത്തതായി കാണുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4641 അഡ്വൈസ് മെമ്മോ ഒ.ബി.സി, പിന്നോക്ക വിഭാഗങ്ങൾക്ക് കൊടുത്തായിട്ടാണ് കണക്കുകൾ പറയുന്നത്. ഈ കാര്യത്തിൽ രണ്ട് അപകടമുണ്ട്. ജോസഫ് കമ്മിഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതി വിധി വന്നു. 1997-ലും 1998-ലും കൊടുത്ത കണക്കുകളുടെ അടിസ്ഥാനത്തിൽ എൻ.എസ്.എസ് സുപ്രീം കോടതിയിൽ പോയി. ഇന്ന് നിലവിലുള്ള റൂളനുസരിച്ച് ഇന്നത്തെ റൊട്ടേഷൻ സംവിധാനം, അതായത് മൂന്ന് കൊല്ലക്കാലത്തേയ്ക്കാണ് മെയിൻ ലിസ്റ്റുള്ളത്. ആ മെയിൻ ലിസ്റ്റ് എക്സ്ഹാസ്റ്റ് ചെയ്താൽ സപ്ളിമെന്ററി ലിസ്റ്റിൽ നിന്ന് എടുക്കാൻ പറ്റില്ല എന്നുള്ള വ്യവസ്ഥയുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സിംഗിൾ ബഞ്ചും ഡിവിഷൻ ബഞ്ചും ഈ കാര്യത്തിൽ കേസ് വന്നപ്പോൾ വിധി പറഞ്ഞു. എന്താണെന്നു വച്ചാൽ, പിന്നോക്കസമുദായങ്ങളുടെ പ്രാതിനിധ്യം കുറഞ്ഞാൽ, അവരുടെ ക്വാണ്ടിറ്റി ഫിൽ ചെയ്തില്ലെങ്കിൽ അതു ഫിൽ ചെയ്യുന്നതിന് സപ്ളിമെന്ററി ലിസ്റ്റിൽ നിന്ന്, മെയിൻ ലിസ്റ്റ് തീർന്നാലും നിയമനം നടത്താമെന്നാണ്. ഹൈക്കോടതിയിൽ ഡിവിഷൻ ബഞ്ചിന്റെ വിധിക്കെതിരെ എൻ.എസ്.എസ്. സുപ്രീംകോടതിയിൽ റിട്ട് പോകുകയും സുപ്രീംകോടതിയിൽ നിന്ന് ഈ വിധിക്കെതിരായി സ്റ്റേ വാങ്ങുകയും ചെയ്തു. വളരെ ഗൗരവമുള്ള ഒരു കാര്യമാണിത്. ഇവിടെ പിന്നോക്കസമുദായങ്ങൾക്ക് മതിയായ പ്രാതിനിധ്യം കിട്ടുന്നില്ല എന്നുള്ളത് നിരവധി കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് പറയാൻ സാധിക്കും. അതിനു കാരണം, മെയിൻ ലിസ്റ്റ് കഴിഞ്ഞാൽ സപ്ളിമെന്ററി ലിസ്റ്റില്ലത്തത് കൊണ്ടാണ്, സപ്ളിമെന്ററി ലിസ്റ്റിൽ മതിയായ ആളില്ലാത്തത് കൊണ്ടാണ്. ഇപ്പോൾ സുപ്രീംകോടതി നിയമനം സ്റ്റേ ചെയ്തതുകൊണ്ട് സ്പളിമെന്ററി ലിസ്റ്റിൽ നിന്നും ഇനി തുടർന്ന് നിലവിൽ മെയിൻ ലിസ്റ്റ് കഴിഞ്ഞാൽ നിയമിക്കാൻ പാടില്ല എന്നുള്ളതു കൂടി വന്നു. ഈ അപകടം കൂടിയുണ്ടാക്കി വച്ചത് പബ്ലിക് സർവ്വീസ് കമ്മിഷന്റെ തെറ്റായ കണക്ക് ചില ഏജൻസികൾക്ക് കൊടുത്തു എന്നുള്ളതു കൊണ്ടാണ്. ഈ വക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിൽ റിപ്പോർട്ട് ചെയ്തു. ജോസഫ് കമ്മിഷൻ തെളിവെടുക്കുന്ന സമയത്ത് ചീഫ് സെക്രട്ടറി പല തവണ ആവശ്യപ്പെട്ടിട്ടും ഗവൺമെന്റ് ഒരു തെളിവും കൊടുത്തില്ല. അവസാനം ഈ കാര്യത്തിൽ ഒന്നും പറയാനില്ല എന്നാണ് ഗവൺമെന്റ് പറഞ്ഞത്. ഏതായാലും സുപ്രീംകോടതി ജഡ്ജ്മെന്റിൽ അതുതന്നെ പരാമർശിച്ചിട്ടുണ്ട്. ലാ ഡിപ്പാർട്ട്മെന്റ് വളരെ വ്യക്തമായി ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു ഫയലുണ്ടാക്കി. ഫയൽ നമ്പർ 17711/ലീഗൽ/എ1/96/ലാ ഡിപ്പാർട്ടുമെന്റ്. ഈ ഫയലിന്റെ സ്ഥിതി അറിയണം. ഈ ഫയലിൽ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റിന് കൊടുത്ത തെറ്റായ കണക്കുകളെ, പബ്ലിക് സർവ്വീസ് കമ്മിഷൻ കൊടുത്ത തെറ്റായ കണക്കുകളെ സംബന്ധിച്ച് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ചീഫ് സെക്രട്ടറിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ലാ മിനിസ്റ്ററും മാത്രമാണ് ആ ഫയൽ കണ്ടതെന്നാണ് അറിയാൻ സാധിച്ചത്. അങ്ങനെയാണെങ്കിൽ ആ ഫയലിനെ സംബന്ധിച്ചിടത്തോളം വ്യക്തമായി അങ്ങ് പറയേണ്ടിയിരിക്കുന്നു. ഇങ്ങനെ പത്രവാർത്തകൾ വരികയും പബ്ലിക് സർവ്വീസ് കമ്മിഷൻ തെറ്റായ കണക്കുകൾ കൊടുത്ത് സംവരണം അട്ടിമറിക്കാൻ ശ്രമം നടത്തി എന്നുള്ള വാദം ഉണ്ടാവുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ ഫയൽ നശിപ്പിക്കാനുള്ള ശ്രമം നടക്കുന്നു എന്നാണ് അറിയാൻ സാധിച്ചത്. എനിക്ക് അങ്ങയോട്

LIBRARY ARCHIVES Kerala Legislative Assembly

പറയാനുള്ളത്, ആ ഫയൽ അടിയന്തിരമായി കണ്ടുപിടിച്ച് സഭയുടെ മേശപ്പുറത്തു വയ്ക്കണം. എന്താണ് അതിൽ പറഞ്ഞിരിക്കുന്നത് എന്നുള്ള കാര്യം അറിയാനുള്ള അവകാശം ഈ സഭയിലുള്ള ഞങ്ങൾക്കുണ്ട്. അതുപോലെതന്നെ പബ്ലിക് സർവ്വീസ് കമ്മിഷനിൽ തെറ്റായ രേഖകൾ കൊടുക്കാൻ, അതിനുപിന്നിൽ പ്രവർത്തിച്ച ആളുകളുടെ പേരിൽ നടപടിയെടുക്കണം. ഇത് വളരെ തെറ്റിദ്ധരിക്കപ്പെട്ട സ്ഥിതിയാണ്. പിന്നോക്കക്കാരുടെ സംവരണം കണക്കാക്കുന്നതും മെറിറ്റ് ക്വാട്ടയിൽ കിട്ടിയതും സംവരണ ക്വാട്ടയിൽ കിട്ടിയതും വെവ്വേറെ ലിസ്റ്റാക്കി ഇവിടെ മെയിന്റയിൻ ചെയ്യണമെന്ന് എത്രയോമുൻപുതന്നെ ആവശ്യപ്പെട്ടതാണ്. അതിനു പകരം ഇതുരണ്ടും കൂടി ക്ലബ്ബുചെയ്ത്, ഇതിൽ പിന്നോക്ക സമുദായക്കാരുടെ പ്രാതിനിധ്യം വേറൊന്നുമില്ല, ഓവർ റെപ്രസന്റഡാണെന്നും പറഞ്ഞ് ബഹുമാനപ്പെട്ട സുപ്രീംകോടതിയെപ്പോലും തെറ്റിദ്ധരിപ്പിക്കുന്ന ഒരു ഗൗരവമായ സ്ഥിതിവിശേഷം ഇവിടെ ഉണ്ടായിരിക്കുന്നു. അതിനെ സംബന്ധിച്ച് അന്വേഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുമാത്രമല്ല, ഇനിയൊരു അപകടമുണ്ട്. ആലപ്പുഴ, പാലക്കാട്, കൊല്ലം, കോഴിക്കോട് എന്നീ നാല് ജില്ലകളിൽ മാത്രമാണ് കണക്കുള്ളത്. ഇനിയും ബാക്കി 10 ജില്ലകളിലേയും കണക്ക് വേണം. പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഹെഡ് ആഫീസിലെ കണക്കു വേണം. ഈ രീതിയിൽ ഓപ്പൺ ക്വാട്ടയും മെറിറ്റ് ക്വാട്ടയും സംവരണ ക്വാട്ടയും ഒന്നിച്ചു ക്ലബുചെയ്ത് കണക്കാക്കിയാൽ പിന്നോക്ക സമുദായക്കാരുടെ സംവരണം ഒരുപക്ഷേ അൻപതോ അൻപത്തഞ്ചോ അറുപതോ ആയേക്കാം ഇവരുടെ കണക്കനുസരിച്ച്. അതിന് ചില കേന്ദ്രങ്ങളിൽ നിന്നും പ്രസ്താവന വന്നു. ഇനിയും കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല. പിന്നോക്കക്കാരുടെ പ്രാതിനിധ്യം ഓവർ റെപ്രസന്റഡാണെന്ന് കണക്കുകൾ സൂചിപ്പിക്കുമെന്ന് പറയാനുണ്ടായ കാരണം ഈ ഗൂഢാലോചനയുടെ ഭാഗമായിട്ടാണ്. അതുകൊണ്ട് ആക്ചലായി ജോയിൻ ചെയ്യാത്ത ആളുകുളുടെ കണക്ക് പരിശോധിക്കണം. കാറ്റഗറിവൈസ് കാണണം. അതുപോലെ എൻ.സി.എ. ക്യാൻഡിഡേറ്റ്സ് വേറെയുണ്ട്. ഓരോ സമുദായത്തിലും ആളെ കിട്ടിയില്ലായെങ്കിൽ ആ സമുദായത്തിൽ ആളുണ്ടാകുമ്പോൾ കൊടുക്കാനുള്ള പ്രൊവിഷൻ പബ്ലിക് സർവ്വീസ് കമ്മിഷൻ റൂൾ അനുസരിച്ചുണ്ട്. അത് പല സ്ഥലത്തും പാലിക്കപ്പെടുന്നില്ല. അത് പാലിക്കപ്പെടുന്നതിനുള്ള സംവിധാനം കണ്ടെത്തണം. ഓരോ സമുദായത്തിന്റെയും പ്രാതിനിധ്യം ഉറപ്പ് വരുത്താനുള്ള നടപടികളുണ്ടാകണം. ഈ ഗൂഢാലോചന സംബന്ധിച്ച് അന്വേഷിച്ച് നടപടിയുണ്ടാകണം. ഇവിടെ മെറിറ്റ് ക്വാട്ടയും സംവരണ ക്വാട്ടയയും ക്ലബു ചെയ്തുകൊണ്ടുള്ള ഏർപ്പാട് പലതവണയും ഉണ്ടായതാണ്. അതിനെ സംബന്ധിച്ച് പല റിപ്പോർട്ടുകളും ഉണ്ടായതാണ്. അത് ഒന്നുകൂടി പരിശോധിച്ച് ശക്തമായ നടപടി ഇതിന്റെ പേരിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഒരു നിർദ്ദേശം കൂടി ഗവൺമെന്റിന് മുൻപാകെ എനിക്ക് വയ്ക്കാനുള്ളത് 42%, 62% പ്രതിനിധ്യം ഉണ്ടെന്നാണ് ഈ രണ്ട് കൊല്ലത്തെ കണക്കുകൾ വച്ചുകൊണ്ട് പറയുന്നത്. അത് തെറ്റാണെന്ന് ഞാൻ പറയുന്നു. ഇവിടെ രേഖകൾ ഹാജരാക്കിക്കൊണ്ട് അത് ബോധ്യപ്പെടുത്താൻ സാധിക്കും. ജോസഫ് കമ്മിഷൻ കൊടുത്ത റിപ്പോർട്ടു തന്നെ കാറ്റഗറി തിരിച്ചുള്ള കണക്കുകളും ബോധ്യപ്പെടുത്തുകയാണ്.....ബഹളം..... സുപ്രീംകോടതി ജഡ്ജുമെന്റിലെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യം ഞാൻ പറയുകയാണ്. In fact, in the affidavit dated 16-01-1998 filed by the Kerala State through its Chief Secretary, it was stated merely that there were a few mistakes, namely, that there was an omission of 5 communities, viz.....ഈ ഒരു അനോമലി ലാ ഡിപ്പാർട്ടുമെന്റ് ചൂണ്ടിക്കാണിച്ചപ്പോൾ അതിന് ചീഫ് സെക്രട്ടറി മറുപടി കൊടുക്കാതെ ഫയൽ പൂഴ്ത്തി വച്ച കാര്യമാണ് സുപ്രീംകോടതി ജഡ്ജ്മെന്റ് പറഞ്ഞത്, ഞാൻ പറഞ്ഞതല്ല. ഇതു സംബന്ധിച്ച് അന്വേഷിക്കണ്ടേ? ഈ രാജ്യത്തെ പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദിക്കപ്പെട്ട ഭരണഘടനാപരമായി അവകാശപ്പെട്ട സംവരണാവകാശങ്ങളെ അട്ടിമറിക്കുന്ന പ്രവർത്തനം നടത്തിയ ആ ഗൂഢസംഘം ആരായാലും അവർക്കെതിരായി ശക്തമായ നടപടിയെടുക്കണം. ആ കാര്യത്തിൽ ഒരു തീരുമാനമുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെ തന്നെ....ബഹളം.....

മി. ഡെപ്യൂട്ടി സ്പീക്കർ ; അദ്ദേഹത്തിന് കാളിംഗ് അറ്റൻഷനും അതിന് മറുപടി പറയാനുള്ള സമയവും കൊടുത്തു മുഖ്യമന്ത്രിയുടെ സമയവും അദ്ദേഹം എടുത്തു.....ബഹളം.....ചെയർ റിപ്പീറ്റഡായി പറഞ്ഞാൽ കേൾക്കണ്ടേ? ..... ബഹളം..... ബഹുമാനപ്പെട്ട നേതാക്കൻമാർ പ്രോപ്പർ അഡ്വൈസ് കൊടുക്കണം.

ശ്രീ. നാലകത്ത് സൂപ്പി ; സർ, ഒരു നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ ഗവൺമെന്റ് തയ്യാറുണ്ടോ എന്നാണ് എന്റെ ചോദ്യം. ഈ സഭയിലെ എല്ലാ പാർട്ടികളുടേയും പ്രതിനിധികൾ ഉൾക്കൊള്ളുന്ന സമിതിയെ നിശ്ചയിച്ചുക്കൊണ്ട് സംവരണവുമായി ബന്ധപ്പെട്ട ക്രീമീലെയർ പ്രശ്നത്തിൽ ഇവിടെ സംസ്ഥാന ഗവൺമെന്റ് ചെയ്ത കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അന്വേഷണം നടത്താൻ തയ്യാറുണ്ടോ? ആദ്യം മുതൽ ഇന്നുവരെ റിപ്പോർട്ടു കൊടുക്കുന്ന കാര്യത്തിലും മറ്റുള്ള കാര്യത്തിലും ഗവൺമെന്റ് വഞ്ചന നടത്തിയെന്ന് പ്രസ്താവിക്കുന്ന, അത് തെളിയിക്കാനുള്ള രേഖയുണ്ട്, സംഭവങ്ങൾ അങ്ങനെയായിരുന്നു. ഞാൻ വെല്ലുവിളിക്കുന്നു, അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, സംസ്ഥാനത്തെ ഉദ്യോഗസ്ഥ നിയമനങ്ങളിൽ പിന്നോക്ക സമുദായ പ്രാതിനിധ്യം സംബന്ധിച്ച് ജസ്റ്റിസ് ജോസഫ് കമ്മിഷൻ മുൻപാകെ കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ തെറ്റായ രേഖകൾ സമർപ്പിച്ചുവെന്നും കമ്മിഷനെ തെറ്റിദ്ധരിപ്പിച്ചുവെന്നുമുള്ള യാതൊരു പരാതിയും രേഖാമൂലം ലഭിക്കാത്തതു കൊണ്ട് അത് കമ്മിഷനോട് അഭ്യർത്ഥിച്ചിരിക്കുകയാണ്. പി.എസ്.സി അധികൃതർ കൃത്രിമ രേഖയുണ്ടാക്കി സംവരണ വ്യവസ്ഥിതിയെ അട്ടിമറിക്കാൻ കൂട്ടുനിന്നുവെന്ന ആരോപണം അടിസ്ഥാനരഹിതമാണെന്നാണ് പബ്ലിക് സർവ്വീസ് കമ്മിഷൻ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മേൽത്തട്ട് പ്രശ്നത്തെക്കുറിച്ച് സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ കോടതി വിധിയുടെ പരിധിയിൽ നിന്നുകൊണ്ട് പിന്നോക്ക വിഭാഗങ്ങൾക്ക് പരമാവധി ആനുകൂല്യം ലഭിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് റിട്ടയേർഡ് ജസ്റ്റിസ് കെ.കെ.നരേന്ദ്രനെ ഏകാംഗ കമ്മിഷനായി

LIBRARY ARCHIVES Kerala Legislative Assembly

നിയമിക്കുകയുണ്ടായി. ഈ കമ്മിഷന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് മൂന്ന് മാസത്തെ സമയവും നൽകിയിട്ടുണ്ട്. ഇതിനു പുറമേ സർക്കാർ അർദ്ധസർക്കാർ സർവ്വീസിലും പൊതുമേഖല സ്ഥാപനങ്ങളിലും വിവിധ സമുദായങ്ങൾക്ക് ഇതിനകം ലഭ്യമായിട്ടുള്ള ഉദ്യോഗ പ്രാതിനിധ്യം എങ്ങനെയെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിട്ടയേർഡ് ജസ്റ്റിസ് നരേന്ദ്രൻ ചെയർമാനായും മുൻ പി.എസ്.സി ചെയർമാൻ ശ്രീ. സാവൻകുട്ടി, മുൻ ചീഫ് സെക്രട്ടറി ശ്രീ.കെ.വി.രബീന്ദ്രൻ നായർ എന്നിവർ അംഗങ്ങളായുമുള്ള മൂന്നംഗ കമ്മിഷനേയും നിയമിച്ചിട്ടുണ്ട്. ഈ കമ്മിഷൻ ആറുമാസത്തിനകം റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കണമെന്നാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. ഈ കമ്മിഷനുകളിൽ നിന്നും റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് മേൽത്തട്ട് സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ പരിധിയിൽ നിന്നു കൊണ്ട് പരമാവധി ആനുകൂല്യം ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. ജസ്റ്റിസ് ജോസഫ് കമ്മിഷൻ മുൻപാകെ പബ്ലിക് സർവ്വീസ് കമ്മിഷൻ തെറ്റായ കണക്കു നൽകി എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചു വരികയാണെന്ന് പി.എസ്.സി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തെപ്പറ്റി പി. എസ്.സി.യുടെ റിപ്പോർട്ട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. നാലകത്ത് സൂപ്പി : സർ, ഗവൺമെന്റിന് രേഖാമൂലം പരാതി കിട്ടിയില്ല. ഏതായാലും അന്വേഷണം നടത്താൻ തയ്യാറാണെന്ന് പറയുന്നുണ്ട്. ഇവിടെ എനിക്ക് സൂചിപ്പിക്കാനുള്ളത് ജസ്റ്റിസ് ജോസഫ് കമ്മിഷൻ കൊടുത്ത ബാക്ക്ഗ്രൗണ്ട് മെറ്റീരിയൽസ് അവയ്ലബിളാക്കണം. അവ സെക്രട്ടറിയേറ്റിലുണ്ടോ എസ്.സി./എസ്.ടി. ഡിപ്പാർട്ടുമെന്റിലുണ്ടോ എന്നറിയില്ല. അത് അവയ്ലബിളാക്കണം. അതുപോലെതന്നെ ഈ ഇടക്കാലത്ത് നിയമനങ്ങൾ നിർത്തി വച്ചു. ആ നിർത്തി വച്ച നിയമനങ്ങളുടെ ലിസ്റ്റ് ഞങ്ങൾ ഇന്നലെ ചോദ്യം ചോദിച്ചപ്പോൾ കിട്ടിയില്ല. ആ ലിസ്റ്റിന്റെ സ്ഥിതിയും പ്രസിദ്ധീകരിക്കണം. ഈ രണ്ട് കാര്യങ്ങളും ബഹുമാനപ്പെട്ട ഗവൺമെന്റ് ചെയ്യുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, വിവിധ സമുദായങ്ങൾക്ക് കിട്ടിയ പ്രാതിനിധ്യത്തെപ്പറ്റി അന്വേഷിക്കാനുള്ള കമ്മിഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മിഷനിൽ ശ്രീ.നരേന്ദ്രൻ ചെയർമാനും, ശ്രീ.ടി.എം.സാവൻകുട്ടിയും മുൻ ചീഫ് സെക്രട്ടറി ശ്രീ.കെ.വി.രബീന്ദ്രൻ നായരും അംഗങ്ങളാണ്. ഇവർ ആറുമാസത്തിനകം റിപ്പോർട്ട് തരും. ഓരോ സമുദായത്തിനും കിട്ടിയിട്ടുള്ള പ്രാതിനിധ്യത്തെപ്പറ്റി അഭ്യർത്ഥിച്ചിട്ടുണ്ട്. ആറുമാസത്തെ അവധി അവർക്ക് കൊടുത്തിട്ടുണ്ട്. അത് കിട്ടിക്കഴിഞ്ഞാൽ തീർച്ചയായും അത് നോക്കാം.

(2) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ വേതന പരിഷ്ക്കരണം

ശ്രീ.പി.എസ്.സുപാൽ : സർ, കേരളത്തിലെ മൂന്ന് ലക്ഷം തോട്ടം തൊഴിലാളികളുടെയും സൂപ്പർവൈസർമാരുടെയും മറ്റ് ജീവനക്കാരുടെയും വേതനക്കരാറിന്റെ കാലാവധി 31-3-1999-ൽ അവസാനിച്ചിരിക്കുകയാണ്. പതിവു പോലെ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ഈ കാര്യം നിരവധി പ്രാവശ്യം ചർച്ച ചെയ്തെങ്കിലും ഫലപ്രദമാക്കുവാൻ കഴിഞ്ഞില്ല. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി തന്നെ ഈ പ്രശ്നത്തിൽ ഇടപെട്ട് മൂന്ന് കോൺഫറൻസുകൾ

LIBRARY ARCHIVES Kerala Legislative Assembly